# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T. 533

29.01.2019 ൽ മറുപടിക്ക്

### വെള്ളനാതുരുത്തിലെ ഖനന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) | ആലപ്പാട് ഗ്രാമപഞ്ചായത്തിലെ വെള്ളനാ തുരുത്തിൽ ഐ.ആർ.ഇ.ഏതെല്ലാം തരത്തിലുള്ള ഖനന പ്രവർത്തനങ്ങളാണ് നടത്തുന്നത്; ഡീപ് മൈനിംഗ് നടക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ബീച്ചിൽ നിന്നും ബീച്ച് വാഷിംഗ്, കര പ്രദേശത്തുനിന്നും ഡ്രെഡ്ജിങ് എന്നീ ഖനന പ്രവർത്തനങ്ങളാണ് നടത്തുന്നത്. |
| (ബി) | ഇവിടെ സീ വാഷിംഗ് രീതിയിലുള്ള മൈനിംഗ് നടക്കുന്നുണ്ടോ; സീ വാഷിംഗിനെ സംബന്ധിച്ച് പാരിസ്ഥിതിക പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) & (സി) | സീ വാഷിംഗ് രീതിയിലുള്ള മൈനിംഗ് നടന്നിട്ടുണ്ട്. ആലപ്പാട് തീരപ്രദേശത്തു 50 വർഷത്തോളമായി കരിമണൽ ഖനനം നടക്കുന്നുണ്ട്. കടലാക്രമണവും, സുനാമിയും മൂലം ഇവിടെ തീരപ്രദേശം നഷ്ടപെടാനിടയായിട്ടുണ്ട്. കൂടാതെ, ഖനന പ്രവർത്തനം മൂലവും തീരശോഷണം ഉണ്ടായിട്ടുണ്ട്. ആലപ്പാട് വിഷയത്തിൽ ബഹു. മുഖ്യമന്ത്രി 16.01.2019-ന വിളിച്ചുചേർത്ത യോഗത്തിലെടുത്ത തീരുമാന പ്രകാരം ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലായെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 22.01.2019 മുതൽ മെ.ഐ.ആർ.ഇ. സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്. |
| (സി) | സീ വാഷിംഗ് മൂലം തീരം നഷ്ടപ്പെടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |

| | |
|---|---|
| (ഡി) തീര സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) ആലപ്പാട് വില്ലേജിൽ 16 കിലോമീറ്ററോളം തീരപ്രദേശത്തു കടൽഭിത്തി നിർമിച്ചിട്ടുണ്ട്. കൂടാതെ, കരിമണൽ ഖനനം നടക്കുന്ന പ്രദേശത്തു ഒരു പുലിമുട്ട് നിർമിച്ചിട്ടുണ്ട്. കൂടുതൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടി ഐ. ആർ.ഇ.എൽ. സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ